# വചനവിചിന്തനം നവംബർ 29 ഞായർ, 2009

## ലൂക്കാ. 1 : 5 – 25

ഈശോയുടെ രക്ഷണീയകൃത്യങ്ങൾ ഓർമ്മിക്കുന്ന ഒരു ആരാധനാക്രമ വത്സരത്തിനന്ത്യം കുറിച്ച് അടുത്തതിന്റെ ആരംഭമായ മംഗലവാർത്താകാലക്രമത്തിലേയ്ക്ക് നാം ഇന്ന് കാലുകുത്തുകയാണ്. സ്നാപകയോഹന്നാന്റേയും ഈശോയുടേയും ജനനത്തെക്കുറിച്ചുള്ള വായനകളാണ് ഈ കാലഘട്ടത്തിലെ നാല് ഞായറാഴ്ചകളിൽ നാം വായിച്ചു കേൾക്കുന്നത്. അതിൽ ഒന്നാമതായി വി. സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൈവദൂതൻ സക്കറിയായെ അറിയിച്ച സുവിശേഷഭാഗമാണ് ലൂക്കാ.1:5-25.

ഈ സുവിശേഷഭാഗം ലൂക്കാ സുവിശേഷകൻ വെറുതേ ഒരു സംഭവത്തിന്റെ വിവരണമായല്ല അവതരിപ്പിച്ചിരിക്കുന്നത്. ലൂക്കായുടെ സുവിശേഷം ഒന്നാം അദ്ധ്യായം 5 മുതൽ രണ്ടാം അദ്ധ്യായം 52 വരെയുള്ള ഭാഗത്ത് വിവരിക്കപ്പെടുന്ന ഒരു ദൈവശാസ്ത്ര പ്രക്രിയയുടെ (Theological Program) ഭാഗമായാണ് ചേർത്തിരിക്കുന്നത്. അതായത് ലൂക്കായുടെ സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്ന ക്രിസ്തു സംഭവങ്ങൾക്കും ക്രിസ്തു സന്ദേശങ്ങൾക്കും പഴയനിയമത്തോടുള്ള ബന്ധത്തെ ഒരു വശത്തും അവയ്ക്കുള്ള വ്യതിരിക്തത മറുവശത്തും അവതരിപ്പിക്കുകയാണ്.

പഴയനിയമത്തിലൂടെ അനാവരണം ചെയ്യപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ തുടർച്ചയാണ് പുതിയ നിയമ സംഭവങ്ങൾ എന്നും, എന്നാൽ പഴയനിയമത്തിൽ നിന്നും പലതിലും വ്യത്യസ്തവും നൂതനവുമാണ് പുതിയനിയമ സംഭവങ്ങൾ എന്നും ഇതിലൂടെ വ്യക്തമാക്കുകയുമാണ് ലൂക്കാ സുവിശേഷകൻ. പഴയനിയമത്തിലെ ദൈവജനത്തിന്റെവിളി നടന്ന അബ്രാഹത്തിന്റേയും ഭാര്യയായ സാറായുടേയും ജീവിതത്തിലെ സംഭവങ്ങളോടുള്ള സമാനതകൾ സക്കറിയായുടേയും എലിസബത്തിന്റേയും ജീവിതത്തിൽ കാണാം. ഇരുകൂട്ടരും ശിശുക്കളില്ലാതെ പ്രായാധിക്യത്തിലെത്തിയവരായിരുന്നെങ്കിലും ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ അവരുടെ ജീവിതങ്ങളിൽ ഉണ്ടായതായി നാം കാണുന്നു. മനുഷ്യനാൽ അസാദ്ധ്യമായതിനെ സാദ്ധ്യമാക്കുന്ന ദൈവികപദ്ധതിയാണ് പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ദൈവജനത്തിന് അടിവേരുകളിടുന്നത്. ഈ രണ്ട് സംഭവങ്ങളേയും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കാണുന്ന വിവിധ സമാനതകളിൽ നിന്നും പഴയനിയമ ദൈവജനവും പുതിയനിയമ ദൈവജനവും തുടർച്ചകളായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം.

എന്നാൽ ഗബ്രിയേൽ ദൈവദൂതന്റെ സന്ദേശങ്ങളിലേയ്ക്ക് നാം കണ്ണോടിച്ചാൽ പുതിയനിയമ ദൈവജനത്തിന്റെ വ്യതിരിക്തതയും ക്രിസ്തുവിന്റെ അനന്യതയും നമുക്കു മനസ്സിലാകും. പഴയനിയമപ്രവാചകന്മാരുടെ ശൈലിയോ ദൗത്യമോ അല്ല സ്നാപകയോഹന്നാന് ഉള്ളത് എന്നും അവനിലൂടെ ഒരു പുതിയ ജനസമൂഹം ( അത് ഇസ്രായേലിൽ നിന്നു തന്നെ) ഒരുങ്ങപ്പെടുന്നതായും നാം കാണുന്നു.

''ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിങ്ക ലേയ്ക്ക് അവൻ തിരികെക്കൊണ്ടു വരും. പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേയ്ക്കും അനുസരണമില്ലാത്തവരെ , നീതിമാന്മാരുടെ വിവേകത്തിലേയ്ക്കു തിരിച്ചുവിടാനും സജ്ജീ കൃതമായ ഒരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യ ത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിനു മുമ്പേ പോകും''( 16- 18).

ഇതിലൂടെ സ്നാപകയോഹന്നാന്റെ ദൗത്യം പഴയവഴിയ്ക്ക് യഥാർത്ഥദിശ നല്കുക എന്നതാണെന്ന് നാം മനസ്സിലാക്കുന്നു. സ്നാപകനിലൂടെ പഴയനിയമത്തിനും പഴയനിയമ പ്രവാചകത്വത്തിനും അന്ത്യമായി എന്നും പുതിയവ തുടങ്ങുകയാണെന്നും വ്യക്തമാക്കുന്നു. 'ഞാനാണ് വഴിയും സത്യവും ജീവനും' എന്ന് അരുളിയവന് വഴിയൊ രുക്കുന്നവനാണ് സ്നാപകൻ. വഴിയായവന് വഴി വെട്ടിയവനാണവൻ. ഇന്നലെകളുടെ വേരു കളിൽനിന്ന് പുതിയവയെ ജനിപ്പിച്ചവനാണവൻ. പഴയനിയമത്തിന്റെ അന്ത്യവും പുതിയ നിയമത്തിന്റെ ആരംഭവുമായവൻ.

ഈ സുവിശേഷഭാഗത്തുനിന്നും നാം തെരഞ്ഞെടുക്കേണ്ടത് പുതിയനിയമ ത്തിന്റെ വ്യതിരിക്തതയാണ്. സ്നാപകന്റെ കണ്ണിലൂടെ പഴയനിയമത്തേയും പുതിയനിയമ ത്തേയും നോക്കിക്കാണണമെന്നും കർത്താവിനു മുമ്പേ നടക്കുന്നവനെപ്പോലെ അവനി ലേയ്ക്കുള്ള കൈചൂണ്ടികളായി നാം മാറണമെന്നും സഭ നമ്മോടാവശ്യപ്പെടുന്നു. ഓരോ ആരാധനാക്രമവത്സരവും ഇന്നലെകളുടെ തുടർച്ചകളും നാളെകളുടെ തുടക്കങ്ങളുമാണെന്ന് മനസ്സിലാക്കി ഒരുങ്ങുവാനാണ് സഭാ മാതാവ് നമ്മോടാവശ്യപ്പെടുന്നത്. വെട്ടിമാറ്റേണ്ടവ വെട്ടിമാറ്റിയും കൂർത്തുമൂർത്തവയെ മിനുസമുള്ളതാക്കിയും സ്വന്തം മനസ്സും മനസ്സാക്ഷിയും വിശുദ്ധീകരിച്ച് ക്രിസ്തുമസിനുവേണ്ടി സ്വയം ഒരുങ്ങണമെന്നുമാണ് സഭ നമ്മെ ഉദ്ബോ ധിപ്പിക്കുന്നത്. പഴയനിയമവും യഹൂദജനതയും ഇല്ലാതെ ഒരു പുതിയനിയമവും ക്രിസ്തു മസ്സും ഇല്ലെന്നും എന്നാൽ അവയുടെ തനിപ്പകർപ്പോ തനിതുടർച്ചയോ അല്ലെന്നും മന സ്സിലാക്കി ക്രിസ്തീയതയുടെ തനിമ സൂക്ഷിക്കുവാൻ നമുക്കാകട്ടെ. അതിനായി നല്ലദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ആമ്മേൻ.

**ഫാ. ജോർജ്ജ് കുഴിപ്പിള്ളിൽ.**